ലേഖനം

# തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെ വിലയിരുത്തുമ്പോള്‍

റാശിദുല്‍ ഗനൂശി



**ഗതകാലത്തെ പ്രകീര്‍ത്തിച്ച് സായൂജ്യമടയുകയോ നിലവിലുള്ളതിന്റെ തികവ് സമര്‍ഥിച്ച് കൃതാര്‍ഥമാവുകയോ ചെയ്യുന്നതിനു പകരം, നിലപാടുകളെ നിശിതമായ നിരൂപണങ്ങള്‍ നടത്തി ശരിയില്‍ നിന്ന് കൂടുതല്‍ ശരിയിലേക്ക് പ്രയാണം നടത്തുകയാണ് ഇസ്‌ലാമിക പ്രസ്ഥാനം ചെയ്യേണ്ടത്. ഈ കാഴ്ചപ്പാടിന്റെ മുന്‍നിര വക്താവാണ് ശൈഖ് റാശിദുല്‍ ഗനൂശി. തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെ നിരൂപണം ചെയ്തുകൊണ്ട് എഴുതിയ ലേഖനം.**

**മുസ്‌ലിം** സമൂഹത്തെ അധഃപതനത്തില്‍നിന്നും പാശ്ചാത്യ അധിനിവേശത്തിന്റെ ദുരന്തഫലങ്ങളില്‍ നിന്നും മോചിപ്പിച്ചെടുക്കാനുള്ള ശ്രമത്തില്‍ ഇസ്‌ലാമിക പ്രസ്ഥാനം വമ്പിച്ച നേട്ടങ്ങള്‍ കൈവരിക്കുകയുണ്ടായി. എന്നാല്‍, 'ഭൂമിയില്‍ അല്ലാഹുവിന്റെ നിയമങ്ങള്‍ സ്ഥാപിച്ചെടുക്കുക' എന്ന ലക്ഷ്യത്തില്‍ ഇപ്പോഴും അത് ഏറെ വിദൂരത്താണുള്ളത്. ചില കുഴമറിച്ചിലുകളുണ്ടെങ്കിലും എടുത്തുപറയേണ്ട ഇറാന്‍ അനുഭവം മാത്രമാണപവാദം.

പടിഞ്ഞാറും അവരുടെ ഏജന്റുമാരും പരമ്പരാഗത മതവൃത്തങ്ങളും ഇസ്‌ലാമിക പ്രസ്ഥാനത്തിനു ചുറ്റും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിദ്വേഷത്തിന്റെ സാഹചര്യങ്ങള്‍ നിലനില്‍ക്കുന്നുവെന്നത് ശരിയാണ്. പക്ഷേ അതുമാത്രമല്ല ലക്ഷ്യംനേടാതിരിക്കാനുള്ള കാരണം. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആഭ്യന്തര ന്യൂനതകളും കാരണങ്ങളാണ്.

പ്രസ്ഥാനത്തിനകത്ത് വ്യാപകമായി നിലനില്‍ക്കുന്ന ചിന്താരീതിയാണ് അടിസ്ഥാന പ്രശ്നം. സമുദായത്തിന്റെ അധഃപതനകാലഘട്ടത്തെയാണ് ആ ചിന്താരീതി മാതൃകകളായി അംഗീകരിക്കുന്നത്. നമ്മുടെ കാലത്തിന്റെ യാഥാര്‍ഥ്യങ്ങളുമായി ബന്ധമില്ലാത്തതാണ് ആ അധഃപതന കാലഘട്ടം. അന്നത്തെ സാഹചര്യങ്ങള്‍ നമ്മുടെ സാഹചര്യങ്ങളുമായി പല അര്‍ഥത്തിലും യോജിപ്പുള്ളതല്ല.

ഇത്തരമൊരു വാര്‍പ്പുമാതൃകാ ചിന്താരീതി കാരണം, നമ്മുടെ കാലത്തിന്റെ യാഥാര്‍ഥ്യങ്ങളെയും മാറ്റങ്ങളെയും ഉള്‍ക്കൊള്ളാനും അതിന്റെ ചാലകശക്തികളെയും സാധ്യതകളെയും തിരിച്ചറിയാനും മുസ്‌ലിംകള്‍ക്കു സാധിക്കാതെപോയി.

ചില ഉദാഹരണങ്ങള്‍:

**ഒന്ന്: തൊഴിലാളി വര്‍ഗത്തോടുള്ള നിലപാട്**

മുതലാളിത്ത-സോഷ്യലിസ്റ്റ് വ്യവസ്ഥിതികളില്‍ ഒരു വലിയ ഇഷ്യുവാണ് തൊഴിലാളി വര്‍ഗം. വ്യവസ്ഥിതികളു

ടെയും രാഷ്ട്രീയത്തിന്റെയും ഗതിനിർണയിക്കുന്ന വിഭാഗം. എന്നാൽ ഇസ്‌ലാമിസ്റ്റുകൾക്ക് അവരിൽ സ്വാധീനം ചെലുത്താനോ അവരെ ഉപയോഗപ്പെടുത്താനോ സാധിച്ചില്ല. അവരെ ഇടത് – വലത് ഐഡിയോളജികൾക്ക് വിട്ടുകൊടുക്കുകയാണ് അവർ ചെയ്തത്.

ഈ മേഖലയിൽ ഇസ്‌ലാമിസ്റ്റുകളുടെ സ്വാധീനം ദുർബലമായത് അവർക്ക് തൊഴിലാളി പ്രശ്നങ്ങളെ കുറിച്ച അവബോധമില്ലാത്തതു കൊണ്ടാണ്. ആദർശപരവും ധാർമികവുമെന്നതിലുപരി ആ പ്രശ്നങ്ങൾ സാമൂഹിക–രാഷ്ട്രീയ പ്രകൃതമുള്ളതാണല്ലോ. പ്രശ്നങ്ങളെ വെറും ആദർശ – ധാർമിക പരിപ്രേക്ഷ്യത്തിൽ നിന്നു കൈകാര്യം ചെയ്യുന്ന ഇസ്‌ലാമിസ്റ്റുകൾക്ക് ഈ വിഭാഗവുമായി എങ്ങനെ സംവദിക്കാനാവും? അവർ സാമൂഹികപ്രശ്നങ്ങൾക്ക് ഇടുങ്ങിയ ഇടമല്ലേ അനുവദിച്ചിട്ടുള്ളൂ. അതിൽ തന്നെയും സാമൂഹികനീതി എന്ന മുദ്രാവാക്യം ആവർത്തിച്ചുരുവിടുക മാത്രമാണവർ ചെയ്യുന്നത്. മുദ്രാവാക്യത്തിന്റെ ഉള്ളടക്കം പോലും കൃത്യമായി നിർണയിച്ചിട്ടുമില്ല. അതിനാൽ, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ ഇസ്‌ലാമിസ്റ്റുകളുടെ ആഹ്വാനങ്ങൾക്ക് കൂടുതൽ പ്രതികരണമുണ്ടാകാതിരിക്കുക സ്വാഭാവികമാണ്.

സമൂഹത്തിന്റെ പ്രശ്നങ്ങളിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിസ്റ്റുകൾക്ക് മാറ്റമില്ല. അവർ വിദൂരത്ത്, വേറെയെവിടെയോ മാറിനിന്ന് ജനങ്ങളെ വിളിച്ചുകൊണ്ടിരിക്കുകയാണ്!

**രണ്ട്: വനിതകളോടുള്ള നിലപാട്**

സമൂഹത്തിന്റെ ഗതി നിർണയിക്കുന്നതിൽ വനിതകൾക്കുള്ള പങ്ക് ആർക്കും അജ്ഞാതമല്ല. സമൂഹത്തിന്റെ പകുതിയാണവർ. ബാക്കി പകുതി അവരുടെ മടിത്തട്ടിലാണ് വളരുന്നത്. എന്നാൽ ഇസ്‌ലാമിസ്റ്റുകൾ അവരുമായി വളരെക്കുറച്ചേ സംവദിക്കുന്നുള്ളൂ. സമുദായത്തിന്റെ അധഃപതനകാലഘട്ടങ്ങളിൽ സ്ത്രീ അനുഭവിച്ചതും ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ അനീതികൾ, നാഗരികതയിൽ അവളുടെ പങ്ക് കുറച്ചുകാണാനുള്ള ശ്രമം, അവളുടെ വ്യക്തിത്വത്തെ തന്നെ മായ്ച്ചു കളഞ്ഞത്, അവളെ വെറും ഉപഭോഗവസ്തുവാക്കിമാറ്റിയത് (ഇതൊക്കെയും ഇസ്‌ലാമിന്റെ പേരിലും) ഇതൊന്നും വേണ്ടത്ര അളവിൽ ഇസ്‌ലാമിസ്റ്റുകളുടെ പരിഗണനയിൽ വന്നില്ല.

പാശ്ചാത്യ അധിനിവേശത്തിന്റെ പ്രവാഹത്തിൽ മൂല്യങ്ങളൊക്കെയും കുത്തിയൊലിച്ചുപോയപ്പോൾ, തരാതരം പീഡനങ്ങളാൽ പിടഞ്ഞുകൊണ്ടിരുന്ന സ്ത്രീ പടിഞ്ഞാറൻ പ്രലോഭനങ്ങളിൽ വീണുപോവുക സ്വാഭാവികമായിരുന്നു. തങ്ങൾക്കു നേരെയുള്ള അനീതികൾക്ക് ഇസ്‌ലാമിൽ ന്യായങ്ങളുണ്ട് എന്നുതന്നെ അവർ കരുതി. കാരണം ഇസ്‌ലാമിന്റെ ആളുകൾ ഇത്തരം അനീതികൾക്കു നേരെ മൗനംപാലിക്കുകയായിരുന്നല്ലോ.

വനിതകളുടെ കാര്യത്തിൽ സംഭവിച്ച ഈ അവഗണനക്കെതിരെ ഇസ്‌ലാമിന്റെ പുറത്തുനിന്ന് ഒരു കടന്നാക്രമണം ഉണ്ടാവുക സ്വാഭാവികമായിരുന്നു. ഇസ്‌ലാം സ്ത്രീക്ക് പർദ നിർബന്ധമാക്കുന്നു, അതുവഴി അവളെ വീട്ടിൽ തളച്ചിടുന്നു, പുരുഷന്റെ ഉപഭോഗ വസ്തുവാക്കുന്നു, വിജ്ഞാനം അവൾക്കാവശ്യമില്ല, സ്വാതന്ത്ര്യമില്ല, രാജ്യത്തിന്റെയോ സമൂഹത്തിന്റെയോ ഭാഗധേയത്തിൽ പങ്കില്ല എന്നൊക്കെയുള്ള ധാരണ ആ കടന്നാക്രമണത്തിലൂടെ സ്ത്രീകളിൽ രൂഢമൂലമാക്കപ്പെട്ടു. സ്വാതന്ത്ര്യവും സ്വന്തം അസ്തിത്വവും സംരക്ഷിക്കാൻ ഇസ്‌ലാമിനോടും പർദ പോലുള്ള അതിന്റെ സംസ്കാരങ്ങളോടും കലഹിക്കുകയേ മാർഗമുള്ളൂ, പടിഞ്ഞാറിനെ അനുകരിക്കുകയാണു വേണ്ടത് എന്നൊക്കെയുള്ള കാഴ്ചപ്പാട് വേരുറക്കുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനം രംഗത്തുവരുന്നത്. അതു കാണുന്നത് ആകെ കുത്തഴിഞ്ഞ സമൂഹത്തെയാണ്. ഈ ദുഷ് പ്രവണതകൾക്കെതിരെ രോഷംകൊണ്ട്, ഇസ്‌ലാമിലേക്ക് മടങ്ങാൻ അതാഹ്വാനം ചെയ്തുകൊണ്ടിരുന്നു. ഇസ്‌ലാമിലേക്ക് മടങ്ങുക എന്നു പറഞ്ഞാൽ, അവകാശ നിഷേധങ്ങളിലേക്കും വ്യക്തിത്വ നഷ്ടത്തിലേക്കുമുള്ള തിരിച്ചുപോക്ക് എന്ന ധാരണയാണ് സ്ത്രീക്കുണ്ടായത്. അതുകൊണ്ട് തങ്ങളുടെ പ്രശ്നങ്ങളെ വെറും ധാർമിക പ്രശ്നങ്ങളിലേക്ക് ചുരുക്കിയ ഇസ്‌ലാമിസ്റ്റുകളുടെ അവതരണ രീതി സ്വാഭാവികമായും സ്ത്രീകളെ ആകർഷിച്ചില്ല. മറുപക്ഷത്ത് 'സ്ത്രീ വിമോചന'ത്തിന്റെ വീണമീട്ടുന്നവരോടാണ് അവർ ചായ്‌വ് പ്രകടിപ്പിച്ചത്. യഥാർഥത്തിൽ സ്ത്രീ വിമോചനം എന്നത് ശരിയായ മുദ്രാവാക്യമാണ്. അതിന്റെ ഉള്ളടക്കം ശരിയാം വണ്ണം നിർണയിക്കണമെന്നേയുള്ളൂ.

സ്ത്രീകളുടെ പ്രശ്നങ്ങളെ നഗ്നതാ പ്രദർശനത്തിന്റെയോ സ്ത്രീ പുരുഷ കൂടിക്കലരലിന്റെയോ മാത്രം പ്രശ്നമായി ചുരുക്കിക്കൂട്ടാനാവില്ല. അതിനപ്പുറം അത് അനീതിയുടെയും അടിമത്തത്തിന്റെയും പ്രശ്നമാണ്. മതത്തിന്റെ മുഖാവരണമണിഞ്ഞ ജീർണത അവളുടെ മനുഷ്യത്വത്തെ കവർന്നെടുക്കുകയും സ്വന്തം ഭാഗധേയം നിർണയിക്കാനുള്ള അവകാശത്തെ പറിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്ന വസ്തുതയാണ് ഇവിടെ ശ്രദ്ധിക്കപ്പെടാതെ പോയത്. യഥാർഥത്തിൽ സ്ത്രീയെ മോചിപ്പിച്ചെടുക്കുമെന്ന വാദവുമായി വന്ന പടിഞ്ഞാറിന്റെ ഭൗതിക തത്ത്വശാസ്ത്രം അവൾക്ക് കൂടുതൽ ചങ്ങലകളും അടിമത്തവും നൽകുകയാണ് ചെയ്തത്. അടിമത്തത്തിന്റെ രൂപം മാറിയെന്നേയുള്ളൂ. മുമ്പവൾ പുരുഷന്റെയോ കുടുംബത്തിന്റെയോ അടിമയായിരുന്നുവെങ്കിൽ ഇന്ന് ഭൗതിക തത്ത്വശാസ്ത്രത്തിൽ മുതലാളിത്ത–മീഡിയ–രാഷ്ട്രീയ കോർപറേറ്റുകളുടെ അടിമയായി എന്നുമാത്രം.

സ്ത്രീയെ അവളുടെ സ്വത്വത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്ന വിമോചനപ്രസ്ഥാനമാണ് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം. പുരുഷന്റെ പോരാട്ടത്തിലെ സഹയാത്രിക എന്ന അവളുടെ പ്രകൃതത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്ന പ്രസ്ഥാനം ലോകത്ത് അനീതിക്കും ചൂഷണത്തിനുമെതിരെ പോരാടാൻ അവളെ സ്വതന്ത്രയാക്കുകയും അല്ലാഹുവല്ലാത്ത എല്ലാ അധികാരികളിൽ നിന്നും അവളെ വിമോചിപ്പിക്കുകയുമാണ് വേണ്ടത്.

**സ്ത്രീയെ അവളുടെ സ്വത്വത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്ന വിമോചനപ്രസ്ഥാനമാണ് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം. പുരുഷന്റെ പോരാട്ടത്തിലെ സഹയാത്രിക എന്ന അവളുടെ പ്രകൃതത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്ന പ്രസ്ഥാനം ലോകത്ത് അനീതിക്കും ചൂഷണത്തിനുമെതിരെ പോരാടാൻ അവളെ സ്വതന്ത്രയാക്കുകയും അല്ലാഹുവല്ലാത്ത എല്ലാ അധികാരികളിൽ നിന്നും അവളെ വിമോചിപ്പിക്കുകയുമാണ് വേണ്ടത്.**

**മൂന്ന്: സൗന്ദര്യബോധത്തോടുള്ള സമീപനം**

സൗന്ദര്യബോധം മനുഷ്യന്റെ സവി

ശേഷതയാണ്. സുകുമാരകലകൾ എന്ന പേരിൽ പല രീതിയിൽ മനുഷ്യൻ അത് പ്രകടിപ്പിക്കുന്നു.

സാങ്കേതികവിദ്യ പുരോഗമിക്കുകയും പ്രശ്നങ്ങൾ സങ്കീർണമാവുകയും ചെയ്യുന്ന ഇക്കാലത്ത് സുകുമാരകലകളുടെ പ്രാധാന്യം വർധിച്ചിട്ടുണ്ട്. സാമ്പത്തിക മേഖലയിൽ പണംകൊയ്യാനുള്ള ഒരു മാർഗമായിരിക്കുന്നു ഇന്നത്. ദാർശനിക-രാഷ്ട്രീയ മേഖലകളിലാവട്ടെ, പ്രചാരണങ്ങളിലൂടെ പൊതുജനങ്ങളെ സ്വാധീനിക്കാനും ബോധവൽക്കരിക്കാനുമുള്ള ഏറ്റവും നല്ല ഉപകരണങ്ങളും.

ഇസ്‌ലാം സൗന്ദര്യത്തിന് വമ്പിച്ച പ്രാധാന്യം നൽകി. സൗന്ദര്യത്തെ അല്ലാഹുവിന്റെ വിശേഷണങ്ങളിലൊന്നായി എണ്ണി. സ്രഷ്ടാവിൽ വിശ്വാസം കൊള്ളാനും അവന് വഴങ്ങാനുമുള്ള പ്രചോദനങ്ങളിലൊന്നായും അതിനെ കണക്കാക്കി. എന്നിട്ടും ഇസ്‌ലാമിക പ്രസ്ഥാനത്തിൽ ഇന്നും അത് വേണ്ടത്ര പരിഗണന കിട്ടാതെ കിടക്കുകയാണ്. നാടകം, സിനിമ, ചിത്രരചന, ഗാനം, ഫോട്ടോഗ്രാഫി തുടങ്ങിയ കലകളെ വളർത്തിക്കൊണ്ടുവരാൻ ഗൗരവത്തോടെ ശ്രമിക്കുന്നില്ല. ഈ രംഗത്ത് ഒരു കാഴ്ചപ്പാടുണ്ടാക്കാനോ അനുവദനീയതയുടെയും അനനുവദനീയതയുടെയും അതിര് നിർണയിക്കാനോ കഴിഞ്ഞിട്ടില്ല. നിരീശ്വര ഉള്ളടക്കത്തിൽ നിന്നു മോചിപ്പിച്ചെടുത്ത് അവയെ നമ്മുടെ മൂല്യങ്ങളിലും പൈതൃകങ്ങളിലും സന്നിവേശിപ്പിക്കാനുമായില്ല. തദ്വാരാ, അവയെ അല്ലാഹുവിനു വഴിപ്പെടുന്നതിനുള്ള മാധ്യമങ്ങളാക്കി മാറ്റാൻ സാധിച്ചില്ല. ദുർബലരുടെയും പാവങ്ങളുടെയും പ്രശ്നങ്ങളെപ്പറ്റി, കലയിലൂടെ ബോധവൽകരിക്കാനോ അനീതിക്കെതിരെയുള്ള പോരാട്ടത്തിൽ അതിനെ പ്രചോദിപ്പിക്കാനോ സാധ്യമായില്ല. ആധുനിക കലാനുഭവങ്ങളെ ഉൾക്കൊള്ളാനും മൗലികവും കാലികവുമായൊരു ഇസ്‌ലാമിക കല വികസിപ്പിച്ചെടുക്കാനും യോഗ്യരായ മഹാരഥന്മാർ ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഇന്നെത്ര ആവശ്യമാണ്!

ഇസ്‌ലാമിന്റെ പ്രകാശം മനുഷ്യ ഹൃദയങ്ങളിൽ പ്രസരിപ്പിക്കണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടോ? ആനുകാലിക ജാഹിലിയത്ത് പടർത്തിയിരിക്കുന്ന കൂരിരുട്ടിൽ നിന്ന് അതിനെ മോചിപ്പിക്കണമെന്ന് നാം ഉദ്ദേശിക്കുന്നുണ്ടോ ? നീതിയുടെയും ഏകദൈവത്വത്തിന്റെയും അടിത്തറയിൽ വിമോചനത്തിന്റെ ദൈവിക മൂല്യങ്ങൾകൊണ്ട് ആ ഹൃദയങ്ങൾ നിർഭരമാകണമെന്ന് നാമുദ്ദേശിക്കുന്നുണ്ടോ? എങ്കിൽ കലയെ അതിന്നു വേണ്ടി ഉപയോഗപ്പെടുത്താതിരിക്കാൻ നമുക്ക് കഴിയില്ല. കലയുടെ ലോകത്തേക്ക്, അതിന്റെ വിജ്ഞാനീയങ്ങളിലേക്ക്, സ്ഥാപനങ്ങളിലേക്ക് ധീരതയോടെ കടന്നുചെന്ന് അതിനെ ഉൾക്കൊണ്ട് പുതിയൊരു ലോകത്തേക്ക് വഴിതുറക്കുന്ന കുറച്ചാളുകൾ രംഗത്തുവന്നെങ്കിൽ അതെത്ര മഹത്തായ സേവനമായിരിക്കും! മൂസയുടെ ധൈര്യത്തോടെ ചെയ്യണം അത്. ബനൂ ഇസ്രാഈലിന്റെ ആശങ്കകളോടെയല്ല.

'അവർ മറുപടി കൊടുത്തു: ഹേ മൂസാ, അവിടെ അതിപ്രബലരായ ജനമാണുള്ളത് അവർ പുറത്തുപോകാതെ ഞങ്ങൾ അങ്ങോട്ടും കടക്കുകയില്ല തന്നെ. അവർ അവിടന്നു പോവുകയാണെങ്കിൽ ഞങ്ങൾ അങ്ങോട്ടു പ്രവേശിച്ചുകൊള്ളാം.'

'ഭീരുക്കളായ ആ ജനത്തിൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം ലഭിച്ച രണ്ടാളുകളുണ്ടായിരുന്നു. അവർ പറഞ്ഞു: ആ പ്രബലന്മാർക്കെതിരെ നിങ്ങൾ കവാടത്തിലൂടെ കടന്നു ചെല്ലുവിൻ. അകത്തെത്തിച്ചേർന്നാൽ നിങ്ങൾ തന്നെയാണ് ജേതാക്കളാവുക. നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹുവിൽ ഭരമേൽപിക്കുവിൻ' (*അൽ മാഇദ* 22,23).

**വാർപ്പുമാതൃകയുടെ പ്രശ്നങ്ങൾ**

ഇസ്‌ലാമിസ്റ്റുകൾ മാതൃകായോഗ്യമെന്നു കരുതുന്ന ഒരു വാർപ്പുമാതൃകയുണ്ട്. ആ മാതൃകയുടെ കാഴ്ചപ്പാടിലൂടെയാണ് അവർ ലോകത്തെ നോക്കിക്കാണുന്നത്. ലോകത്തെയും അതിന്റെ സാധ്യതകളെയും ഉൾക്കൊള്ളുന്നതിന്നും, ആ ലോകത്തെപ്പറ്റി ശരിയായ അവബോധം പുലർത്തുന്നതിനും ഇസ്‌ലാമിക ചിന്ത വികസിപ്പിച്ചെടുക്കുന്നതിനും അവരെ അശക്തരാക്കുന്നത് ആ കാഴ്ചപ്പാടാണ്.

കാലിക യാഥാർഥ്യങ്ങളോട് പുറം തിരിഞ്ഞു നിൽക്കുന്ന കാഴ്ചപ്പാടാണ് പല ഇസ്‌ലാമിക പ്രസ്ഥാനങ്ങളെയും ഉപരിവർഗ പ്രസ്ഥാനങ്ങളാക്കി മാറ്റിയത്. മധ്യവർഗ വിദ്യാസമ്പന്നരെയാണ് അവക്ക് കിട്ടിയത്. പൊതുജനത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞില്ല. ബഹുജനത്തെ ആകർഷിക്കുന്ന പ്രസ്ഥാനങ്ങൾക്കു തന്നെ അവരെ ഇസ്‌ലാമിന്നനുഗുണമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. തന്നെയുമല്ല, പ്രസ്ഥാനത്തിന്റെ അണി എത്ര വിശാലമായാലും ആ അണിയുടെ സ്വാധീനം ദുർബലമായി നിൽക്കുന്നു. കാരണം അവരുടെ സാംസ്കാരിക ഘടന സമൂഹമധ്യത്തിൽനിന്ന് അവരെ അകറ്റി നിർത്തുന്ന തരത്തിലാണ്. അങ്ങനെ സമൂഹത്തെ മനസിലാക്കാനുള്ള കഴിവ് പ്രസ്ഥാനത്തിന് നഷ്ടപ്പെടുന്നു. സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളല്ല, വേറെയെന്തൊക്കെയോ കാര്യങ്ങളെക്കുറിച്ചാണ് പ്രസ്ഥാനം സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ, ബഹുജനങ്ങളുമായി ആദാന പ്രദാനങ്ങൾ സാധിക്കാതെ പോവുന്നു. തദടിസ്ഥാനത്തിലാണ് തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം ഇസ്‌ലാമിക പ്രബോധനത്തിന്റെ വാർപ്പുമാതൃകകളിൽ നിന്നു രക്ഷപ്പെടേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞത്. ഇസ്‌ലാം എല്ലാ കാലത്തും ഏതു ദേശത്തും ഫിറ്റാവണമെങ്കിൽ, ആ ശാശ്വത ഇസ്‌ലാം ഓരോ കാലഘട്ടത്തിന്റെയും സവിശേഷതകൾക്കും ഉള്ളടക്കങ്ങൾക്കും വലിയ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. അപ്പോഴേ അതത് കാലഘട്ടത്തെ സ്വാധീനിക്കാനും ആ കാലഘട്ടത്തിന്റെ സ്ഥാപനങ്ങളിൽ ആവശ്യമായ പരിവർത്തനങ്ങൾ വരുത്താനും സാധിക്കുകയുള്ളൂ. പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്, നാട്ടുനടപ്പിന് (ഉറുഫ്) ഇസ്‌ലാമിക ശരീഅത്തിന്റെ ഒരടിസ്ഥാനമെന്ന പരിഗണനയുണ്ടെന്ന്.

**ഖുർആനിക രീതി**

വിശുദ്ധ ഖുർആൻ സ്ഥല കാലാതിവർത്തിയാണ്. എന്നാൽ അവതരണകാലത്തെ അറബ് ജീവിതത്തെപ്പറ്റി കൃത്യമായൊരു ചിത്രം നമുക്കതിൽ നിന്നു മനസിലാക്കാനാവും. അവരുടെ വിശ്വാസങ്ങളും പ്രശ്നങ്ങളും എന്തായിരുന്നുവെന്നു ഖുർആൻ എടുത്ത് പറയുന്നുണ്ട്. ഈ ദീനിന്റെ അരങ്ങേറ്റം ആരിലൂടെയാവണമെന്നു അല്ലാഹു തീരുമാനിച്ചിട്ടുണ്ടോ, ആ സമൂഹവും ഖുർആനും തമ്മിൽ ആദാന പ്രദാനങ്ങൾ സാധിക്കും വിധമുള്ള പ്രായോഗിക സമീപനം ഒരനിവാര്യതയായിരുന്നു. അവരെ അഭിസംബോധന ചെയ്യുമ്പോൾ എന്തൊക്കെയോ പൊതുകാര്യങ്ങൾ പറയുകയല്ല, പകരം അവർ കാണുന്ന, ജീവിക്കുന്ന ഭൂമിശാസ്ത്രപരവും രാഷ്ടീയവും സാമ്പത്തികവും ആദർശപരവും സാംസ്കാരികവും ചരിത്രപരവുമായ പരിസരങ്ങളിൽ നിന്നു കൊണ്ടാണത് സംവദിക്കുന്നത്:

'തകർന്നടിഞ്ഞ ആ വസതികളിലൂടെ ഇന്നു നിങ്ങൾ രാപ്പകൽ സഞ്ചരിക്കുന്നുണ്ടല്ലോ. നിങ്ങൾക്ക് ബുദ്ധിയുദിക്കാത്തതെന്ത്?'(*ആസ്സ്വാഫ്ഫാത്ത്* 137,138).

തുടർന്ന് ആ പരിസരത്തെ അത് സൂക്ഷ്മമായി നിർണയിക്കുന്നു. എന്നിട്ട് കൃത്യമായ കാരണങ്ങളോടെ അതിനെ നിരാ

കരിക്കുകയോ ശരിപ്പെടുത്തുകയോ ചെയ്യുന്നു. അതിനു ബദൽ സമർപ്പിക്കുന്നു. അവരുടെ പരിമിതമായ രാഷ്ട്രീയ–ആദർശ–സാമൂഹിക വൃത്തത്തിൽ നിന്ന്, ഏതു കാലത്തിനും സ്ഥലത്തിനും യോജിച്ച നിയമങ്ങളിലേക്കും മൂല്യങ്ങളിലേക്കും അവരെ ആനയിക്കുന്നു. ഇതാണ് 'എക്സ്പെരിമെന്റൽ മെതഡോളജി'. സംഭവ ലോകത്തെ വായിച്ചെടുത്ത്, അതിൽ നിന്ന് നിയമങ്ങളെ നിർധാരണം ചെയ്യുന്ന പ്രക്രിയ. ഈ ഖുർആനിക രീതി പല കാരണങ്ങളാലും കൈവിട്ട മുസ്‌ലിംകൾ പൊതു നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംഭവ ലോകത്തെ വിചാരണ ചെയ്യുന്ന ഗ്രീക്ക് മെതഡോളജിയെ പകരംവെക്കുകയാണ് ചെയ്തത്. സംഖ്യാ ശാസ്ത്രം പോലുള്ള വിജ്ഞാനശാഖകൾ പഠിക്കാൻ ഗ്രീക്ക് രീതി പറ്റുമെങ്കിലും, സാമൂഹിക ശാസ്ത്ര–മനശാസ്ത്ര പ്രവണതകളെയും മറ്റും പഠിക്കാൻ അതിന് അവലംബിക്കുന്നത് വലിയ ദോഷം ചെയ്യും. യാഥാർഥ്യ ലോകത്തുനിന്ന് ബുദ്ധിയെ വേർപെടുത്തുന്ന, ഇസ്‌ലാമിക ജ്ഞാനത്തെ വന്ധ്യമായ തർക്കങ്ങളിലേക്ക് ഒതുക്കുന്ന, സംഭവലോകത്തിനും മുസ്‌ലിം ബുദ്ധിക്കുമിടയിൽ അപകടകരമായ ബന്ധവിഛേദം നടത്തുന്ന പ്രക്രിയയാകുമത്.

ഇത് കൂടുതൽ ബോധ്യപ്പെടാൻ ഏതെങ്കിലും ഒരിസ്‌ലാമിക പ്രസിദ്ധീകരണം തുറന്നു നോക്കുക. അത് പ്രസിദ്ധീകരിക്കുന്ന രാജ്യത്തിന്റെ പ്രകൃതവും രാഷ്ട്രീയ–സാമൂഹിക സാഹചര്യങ്ങളും മനസിലാക്കാൻ ശ്രമിക്കുക. ഏത് രാജ്യത്ത് നിന്നാണത് പ്രസിദ്ധീകരിക്കുന്നതെന്നു മനസ്സിലാക്കാൻ നിങ്ങൾക്ക് അതിന്റെ വിലാസം നോക്കേണ്ടതായി വരും. ആ രാജ്യത്തെ നഗ്നതാ പ്രദർശനം പോലുള്ള അധാർമിക പ്രവണതകളെ അപലപിക്കുന്നതിൽ പരിമിതമായിരിക്കും അതിന്റെ ഉള്ളടക്കം. തൊഴിൽ, പാർപ്പിടം, ചൂഷണം, സ്വേഛാധിപത്യം, ആരോഗ്യമേഖല, ട്രാൻസ്പോർട്ടിംഗ്, കുട്ടികളുടെയും സ്ത്രീകളുടെയും അവസ്ഥ തുടങ്ങി പൊതുജനങ്ങളെ അലട്ടുന്ന പ്രശ്നങ്ങളൊക്കെയും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. ഇസ്‌ലാമിസ്റ്റുകൾ അതേപ്പറ്റി സംസാരിക്കുന്നത് പ്രസ്ഥാനത്തിന്റെ രീതിയിൽ നിന്നുള്ള വ്യതിചലനമായി കാണുകയും ചെയ്യുന്നു.

ഈ ദീൻ വന്നിരിക്കുന്നത് ജീവിതത്തെ നയിക്കാനാണ്. സത്യത്തിന്റെയും അസത്യത്തിന്റെയും അളവുകോലാകാനാണ്. യാഥാർഥ്യലോകത്ത് നിന്നാണ് അതതിന്റെ പ്രബോധനമാരംഭിക്കുന്നത്. പ്രശ്നങ്ങൾക്ക് ഏറ്റവും ഉചിതമായ പരിഹാരങ്ങളാണ് അത് സമർപ്പിക്കുന്നത്. തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക ഇസ്‌ലാമാണ് എന്ന പ്രതീക്ഷയില്ലാത്തേടത്തോളം കാലം ഇസ്‌ലാമികാധ്യാപനങ്ങളോട് ആവേശം പുലർത്താനോ അതിനുവേണ്ടി ത്യാഗങ്ങൾ സമർപ്പിക്കാനോ പൊതുജനം തയാറാവുകയില്ല. അങ്ങനെയാവുമ്പോൾ ഇസ്‌ലാമിക പ്രബോധനം മരുഭൂമിയിലെ തോണി തുഴച്ചിലാവും.

മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നിലവിലുള്ള ചിന്താരീതികളിൽ പുനർവിചിന്തനം അനിവാര്യമാണെന്നു തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം മനസ്സിലാക്കുന്നു. എഴുപതുകളിൽ സർവാംഗീകൃതമെന്നു കരുതിയിരുന്ന പല കാര്യങ്ങളും മനുഷ്യരുടെ ഇജ്തിഹാദുകളോ അവർ തന്നെ ഉണ്ടാക്കിയ പ്രവർത്തന രീതികളോ ഒക്കെയാണ്. അവയെ ഇസ്‌ലാമെന്നും അവക്കുമേൽ കൈവെക്കുന്നത് ഇസ്‌ലാമിന്റെ മേൽ കൈവെക്കലാണെന്നും കരുതുന്നത് തീർച്ചയായും ശരിയല്ല.

**ഇസ്‌ലാമിന്റെ പ്രകാശം മനുഷ്യ ഹൃദയങ്ങളിൽ പ്രസരിപ്പിക്കണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടോ? ആനുകാലിക ജാഹിലിയത്ത് പടർത്തിയിരിക്കുന്ന കൂരിരുട്ടിൽ നിന്ന് അതിനെ മോചിപ്പിക്കണമെന്ന് നാം ഉദ്ദേശിക്കുന്നുണ്ടോ ? നീതിയുടെയും ഏകദൈവത്വത്തിന്റെയും അടിത്തറയിൽ വിമോചനത്തിന്റെ ദൈവിക മൂല്യങ്ങൾകൊണ്ട് ആ ഹൃദയങ്ങൾ നിർഭരമാകണമെന്ന് നാമുദ്ദേശിക്കുന്നുണ്ടോ? എങ്കിൽ കലയെ അതിന്നുവേണ്ടി ഉപയോഗപ്പെടുത്താതിരിക്കാൻ നമുക്ക് കഴിയില്ല.**

### പുതിയ സ്ട്രാറ്റജി വേണം

പ്രലോഭനങ്ങളിൽ അഭിരമിച്ചുകഴിയുന്നൊരു സമൂഹത്തിൽ ഒരുപറ്റം നല്ല ചെറുപ്പക്കാരെ വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മഹത്തായ നേട്ടമാണ്. പക്ഷേ അതേ തർബിയത്ത്, സമൂഹത്തിൽ മാറ്റമുണ്ടാക്കുന്ന വിഷയത്തിലും ഇസ്‌ലാമിക പ്രസ്ഥാനം നൽകേണ്ടതായിരുന്നു. മനുഷ്യന്റെ ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്, അത് നന്നായാൽ അവൻ നന്നായി എന്നു പറയുന്നതുപോലെ സമൂഹശരീരത്തിലും ഒരു മർമമുണ്ട്. ദേശീയതയുടെ വക്താക്കൾ അതുകണ്ടെത്തുകയും സൈന്യത്തിൽ പ്രവർത്തനം കേന്ദ്രീകരിച്ച് അതിന്റെ ഉന്നതങ്ങളിൽ എത്തിപ്പെടുകയും അങ്ങനെ മൊത്തം സമൂഹത്തിന്റെ മേൽ ആധിപത്യം നേടുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകാരും സമൂഹ ശരീരത്തിലെ ഈ മർമം കണ്ടുപിടിച്ച് തൊഴിലാളി സംഘടനകൾക്ക് രൂപംനൽകി. അതുവഴി അധ്വാനിക്കുന്ന വർഗത്തെ കൂടെനിർത്തി, അധികാര കേന്ദ്രത്തെ ദുർബലപ്പെടുത്തുകയും ശേഷം അത് പിടിച്ചെടുക്കുകയും സമൂഹത്തിന്റെ മേൽ ആധിപത്യം വാഴുകയും ചെയ്തു. ഇസ്‌ലാമിക പ്രസ്ഥാനത്തിനു സമൂഹശരീരത്തിലെ ഈ മർമത്തെ നിർണയിക്കാനായില്ല. അതിന്റെ അധ്വാനങ്ങൾ മുഴുവൻ എല്ലാ മേഖലകളിലേക്കുമായി ചിതറിപ്പോയി. തൽഫലമായി സർവ മേഖലകളിലും അതു ദുർബലമായി. അനുയായികളെ നയിക്കുകയല്ല അവരെ തെളിക്കുകയാണ്, അഥവാ അവരുടെ പിന്നിൽ നടക്കുകയാണ് ചെയ്തത്.

കാലഘട്ടത്തെ മനസ്സിലാക്കി അതിന്നനുസൃതമായ ആസൂത്രണം നടത്തുന്നതിൽ തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം പരാജയപ്പെട്ടു. കഴിഞ്ഞുപോയ അധഃപതനകാലഘട്ടത്തിന്റെ പൊടിപടലങ്ങൾ വീഴ്ത്തിയ അഴുക്കുകളും, പുതിയ കാലഘട്ടത്തിന്റെ ആശങ്കകളുമാണ് കാരണം. അങ്ങനെ, ലോകയാഥാർഥ്യങ്ങളിൽ നിന്നത് അകന്നുപോയി. ദീൻ ജീവിതത്തിൽ നിന്ന് വേർപ്പെട്ടത് തുടരുന്നു. രാഷ്ട്രീയത്തെ സ്വാധീനിക്കാനോ അതിനെ മാർഗദർശനം ചെയ്യാനോ വേണ്ടതോതിൽ പ്രസ്ഥാനത്തിന് കഴിയുന്നില്ല. പ്രസ്ഥാനം മത–രാഷ്ട്ര വിഭജനത്തെ എതിർത്തുകൊണ്ടിരിക്കുമ്പോൾ തന്നെയാണിതു സംഭവിക്കുന്നതെന്നോർക്കണം.

ചുരുക്കത്തിൽ, ഇസ്‌ലാമിക പ്രവർത്തനത്തിനു പുതിയ സ്ട്രാറ്റജി രൂപപ്പെടുത്താതെ വയ്യ. പ്രസ്ഥാനത്തെയും മുസ്‌ലിം സമൂഹത്തെയും നിശ്ചലതയിൽ നിന്ന് മോചിപ്പിക്കുന്ന, വൻവെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്ന ഒരു സ്ട്രാറ്റജി. ■

**വിവ: ഡോ. അബ്ദുസ്സലാം വാണിയമ്പലം**